## സിമ്പോസിയം

# ചർച്ചയുടെ മർമം

**എ.ആർ**

ശരീഅത്ത്, സ്വതന്ത്ര ഇന്ത്യയിൽ എക്കാലത്തും ചർച്ചാവിഷയമായിരുന്നു. ഭരണഘടനയുടെ മാർഗദർശക തത്ത്വങ്ങളിൽ നാൽപത്തിനാലാം ഖണ്ഡിക ശരീഅത്ത് വിവാദത്തിന് ശാശ്വതികത്വം നൽകുന്നു. രാജ്യത്തിനൊട്ടാകെ, ജാതിമത സമുദായ പരിഗണനകളില്ലാതെ, ഏക സിവിൽകോഡ് ഏർപ്പെടുത്തണമെന്ന് നിർദേശിക്കുന്നതാണ് പ്രസ്തുത ഖണ്ഡിക. അതിന്റെ അർഥം, ഇന്ത്യയിലെ മുസ്‌ലിം പൗരന്മാർക്ക് അവരുടെ മതശാസനകളെ അടിസ്ഥാനമാക്കിയുള്ള വ്യക്തിനിയമങ്ങൾ നിലനിർത്താൻ അവകാശമുണ്ടായിരിക്കുകയില്ലെന്ന് തന്നെയാണ്. വിഷയം ഭരണഘടനാ നിർമാണ സഭയിൽ ചർച്ചക്ക് വന്നപ്പോൾ തന്നെ, മുസ്‌ലിം അംഗങ്ങളുടെ എതിർപ്പിനു ശരവ്യമായിരുന്നു. ഒരു മത സമുദായത്തിന്റെയും ഇംഗിതത്തിനു വിരുദ്ധമായി, സിവിൽകോഡ് അടിച്ചേൽപ്പിക്കപ്പെടുകയില്ലെന്നായിരുന്നു അവർക്ക് നൽകപ്പെട്ട സമാശ്വാസം. മുസ്‌ലിം പൊതുജനാഭിപ്രായത്തിന്റെ ശക്തമായ സമ്മർദം നിമിത്തം, ഈയുറപ്പ് ഇതുവരെ പാലിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഏത് നിമിഷവും അത് ലംഘിക്കപ്പെടാം. കാരണം, സെക്യുലരിസത്തോടുള്ള പ്രതിബദ്ധതയും, ഭരണഘടനയോടുള്ള കൂറും മതാധിഷ്ഠിത വ്യക്തിനിയമങ്ങളെ റദ്ദാക്കാനും പൊതു സിവിൽകോഡ് ഏർപ്പെടുത്താനും പ്രചോദനമായി വർത്തിക്കുന്നുവെന്നാണ് കേന്ദ്രത്തിൽ ഭരണത്തിലിരിക്കുന്ന കോൺഗ്രസ് ഉൾപ്പെടെ ഏതാണ്ടെല്ലാ രാഷ്ട്രീയ കക്ഷികളുടെയും കാഴ്ചപ്പാട്. ചിലർ മുസ്‌ലിം പൊതുജന വികാരം അനുകൂലമാവുന്നത് വരെ പ്രശ്നം തളർത്തിയിടുകയാണ് അഭികാമ്യമെന്ന് കരുതുന്നുവെന്ന് മാത്രം. മുസ്‌ലിം വ്യക്തിനിയമം നിലനിൽക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഒരേയൊരു വിഭാഗമേ ഇന്ത്യയിലുള്ളൂ. അത് മുസ്‌ലിം സമുദായം തന്നെയാണ്. അവരിൽ തന്നെ സെക്യുലരിസ്റ്റുകളോ പുരോഗമനവാദികളോ ആയി അറിയപ്പെടുന്ന ഒരു ന്യൂനപക്ഷം മറുഭാഗത്ത് നിൽക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ശരീഅത്ത് ചർച്ചയുടെ മർമം വിലയിരുത്തേണ്ടത്.

### മൂന്ന് കാഴ്ചപ്പാടുകൾ

ഇന്ത്യയിൽ നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമത്തെസ്സംബന്ധിച്ചു വ്യത്യസ്തവും വ്യതിരിക്തവുമായ മൂന്നു കാഴ്ചപ്പാടുകളുണ്ട്:

ഒന്ന്, അത് നൂറ് ശതമാനവും ശരീഅത്തിൽ അധിഷ്ഠിതവും അതിനാൽ തന്നെ എല്ലാവിധ ഭേദഗതികൾക്കും അതീതവുമാണ്. ഖുർആനും സുന്നത്തും മാത്രമല്ല, പൂർവികരായ മതപണ്ഡിതന്മാരുടെ സ്വാഭിപ്രായങ്ങൾവരെ ഉൾപ്പെടുന്നതാണ് ശരീഅത്ത്. ഇജ്തിഹാദിന്റെ അഥവാ, നിയമ ഗവേഷണത്തിന്റെ കവാടം നൂറ്റാണ്ടുകളായി ബന്ധിക്കപ്പെട്ടിരിക്കെ, ശരീഅത്തിന്റെ പേരിൽ അറിയപ്പെടുന്ന ഒന്നിനെക്കുറിച്ചും പുനർവിചിന്തനത്തിന് പ്രസക്തിയോ സാധ്യതയോ ഇല്ല. ആ നിലക്ക് മുസ്‌ലിം വ്യക്തിനിയമവും അതേപടി നിലനിൽക്കണം. അത് മുസ്‌ലിംകളുടെ മൗലികാവകാശമാണ്. മുസ്‌ലിം യാഥാസ്ഥിതികരുടെ കാഴ്ചപ്പാടാണിത്.

രണ്ട്, ഇന്ത്യ സെക്യുലർ സ്റ്റെയ്റ്റാണ്; ഭരണഘടന സെക്യുലർ ഭരണഘടനയുമാണ്. ഭരണഘടന അനുശാസിക്കുന്നവിധം പൗരന്മാർക്ക്, മതേതര വീക്ഷണത്തിൽ, ഒരു പൊതു സിവിൽകോഡ് അനുപേക്ഷ്യമാകുന്നു. വ്യക്തിജീവിതത്തിലായാലും, മതാധിഷ്ഠിത നിയമങ്ങൾ കൊണ്ടുനടത്താൻ ഒരു മതേതര സമൂഹത്തിൽ അനുവാദവും സ്വാതന്ത്ര്യവും ഉണ്ടായിക്കൂടാ. നീതിക്കും പുരോഗതിക്കും നിരക്കാത്തവയാണ് മതനിയമങ്ങൾ. വിശിഷ്യാ, ശരീഅത്ത് സ്ത്രീകളോട് ക്രൂരത കാട്ടുന്നു. ബഹുഭാര്യത്വവും അനന്തരാവകാശ നിയമങ്ങളും അനീതിക്ക് ഉദാഹരണങ്ങളാണ്. ഒരു നിയമത്തിനും ദിവ്യത്വമോ ശാശ്വതികത്വമോ കൽപിച്ചുകൂടാ. മാറിവരുന്ന സാമൂഹികതാൽപര്യങ്ങൾക്കനുസൃതമായി മാറ്റപ്പെടേണ്ടവയാണ് നിയമങ്ങൾ. ശരീഅത്ത്, അത് നിലവിൽവന്ന കാലഘട്ടത്തിൽ ഒരുവേള പുരോഗമനപരമോ നീതിപരമോ ആയിരുന്നെങ്കിൽപോലും, ശാസ്ത്രവും സാങ്കേതികവിദ്യയും വമ്പിച്ച പുരോഗതി നേടിയെടുക്കുകയും മനുഷ്യജീവിതം ആധുനികവൽക്കരിക്കപ്പെടുകയും ചെയ്തിരിക്കെ, അതിന് പ്രസക്തിയില്ല; അത് പ്രാകൃതവും കാലഹരണപ്പെട്ടതുമാകുന്നു. അതിനിയും നിലനിർത്തണമെന്ന് വാദിക്കുന്നവർ ചൂഷകന്മാരും, പിന്തിരിപ്പന്മാരും പഴഞ്ചന്മാരുമാണ്. ഇങ്ങിനെയാണ്, സെക്യുലർ–കമ്യൂണിസ്റ്റ് ലോബിയുടെ വീക്ഷണഗതി. ന്യായീകരണത്തിൽ ഭിന്നത പുലർത്തിക്കൊണ്ട്, രാജ്യത്തെ ഹൈന്ദവ റിവൈവലിസ്റ്റുകളും ശരീഅത്തിനെ എതിർക്കുകയും ഏക സിവിൽകോഡിന് വേണ്ടി വാദിക്കുകയും ചെയ്യുന്നു.

മൂന്ന്, നാനാത്വത്തിൽ ഏകത്വം എന്നതാണ് ഇന്ത്യയെ സംബന്ധിച്ചേടത്തോളം പ്രായോഗികമായ രാഷ്ട്രീയ–സാമൂഹിക വീക്ഷണം. ഭിന്നമതങ്ങളും സമുദായങ്ങളും ഭാഷക്കാരും ജീവിക്കുന്ന ഈ രാജ്യത്ത്, ഏക സംസ്കാരവാദവും ഏക സിവിൽകോഡ് വാദവും പ്രായോഗികമോ അഭികാമ്യമോ അല്ല. ഭരണഘടന മതന്യൂനപക്ഷങ്ങൾക്കനുവദിച്ച മതസ്വാതന്ത്ര്യത്തിന്റെ അനിവാര്യത മാത്രമാണ്, അവരുടെ വ്യക്തി നിയമങ്ങളെങ്കിലും മതാധിഷ്ഠിതമായിരിക്കുക എന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വം രാജ്യത്തെ കോളനിയാക്കിവെച്ചപ്പോൾ പോലും നിലനിർത്തിയ അവകാശമാണത്. ഇത് പരിരക്ഷിക്കുന്ന വിധത്തിൽ, ഇന്ത്യൻ ഭരണഘടനയുടെ മാർഗദർശക തത്വങ്ങൾ ഭേദഗതി ചെയ്യുകയാണാവശ്യം. അല്ലാതെ, പരമപ്രധാനമായ മൗലികാവകാശങ്ങളെ, മാർഗദർശക തത്ത്വങ്ങൾക്കുവേണ്ടി ബലികഴിക്കുന്നത് നീതിയല്ല. നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമത്തിൽ, ഇസ്‌ലാമിക ശരീഅത്തിന്റെ വീക്ഷണത്തിൽ തന്നെ അപാകതകളും അപര്യാപ്തികളുമുണ്ട്. അതുപോലെ, നിയമത്തിന്റെ ദുർവിനിയോഗവും വ്യാപകമായി നടക്കുന്നു. ശരീഅത്തിന്റെ മൗലിക സ്രോതസ്സുകളായ വിശുദ്ധഖുർആനെയും പ്രവാചക ചര്യയെയും അടിസ്ഥാനപ്പെടുത്തി, നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമം പരിഷ്കരിക്കേണ്ടതാണ്. ശരീ

അത്ത് പരിജ്ഞാനവും അതിനോടു പ്രതിബദ്ധതയുമുള്ള നിയമപണ്ഡിതന്മാരാണ് പരിഷ്കരണങ്ങൾ നിർദേശിക്കേണ്ടത്. ഇജ്തിഹാദിന്റെ കവാടം, അതിനു യോഗ്യതയുള്ളവരുടെ മുമ്പാകെ എക്കാലവും തുറന്നു കിടക്കുന്നു. ഏക സിവിൽകോഡ് വാദത്തെ പ്രതിരോധിക്കുന്നതോടൊപ്പം, മുസ്‌ലിം വ്യക്തിനിയമ പരിഷ്കാരം ഒരടിയന്തരാവശ്യമായി പരിഗണിക്കാൻ സമുദായം സന്നദ്ധമാവണം. ശരീഅത്തിന്റെ ദുർവിനിയോഗത്തിനെതിരെ ശക്തമായ ആശയസമരം സംഘടിപ്പിക്കുകയും വേണം. മുസ്‌ലിംകളിലെ മിതത്വവും പുരോഗമന വീക്ഷണവുമുള്ള പണ്ഡിതന്മാരുടെയും സംഘടനകളുടെയും ബുദ്ധിജീവികളുടെയും നിലപാട് ഇപ്പറഞ്ഞതാണ്.

മൂന്നാമത്തെ സമീപനമാണ് ന്യായവും ശരിയും നീതിയുക്തവുമെന്ന് വിശ്വസിക്കുന്നു ഈ ലേഖകൻ. തദടിസ്ഥാനത്തിൽ, ശരീഅത്തിനെതിരായ വിമർശനങ്ങളിലെ മുഖ്യമായ പ്രശ്നങ്ങളെ ഹ്രസ്വമായി വിലയിരുത്തുകയാണിവിടെ.

## സെക്യുലരിസവും ശരീഅത്തും

സെക്യുലരിസത്തിന് ആത്യന്തികമായൊരർഥ കൽപനയുണ്ട്. മതനിരപേക്ഷത എന്നതിനേക്കാൾ മതേതരത്വം എന്നോ മതനിഷേധം എന്നു തന്നെയോ സെക്യുലരിസത്തെ വിവക്ഷിക്കുന്നതാണ് ഈയാത്യന്തികത. ബാഹ്യശക്തികളുടെ ഇടപെടലുകൾക്കതീതമായി, മനുഷ്യ മനസ്സിന്റെ അഗാധ തലങ്ങളിൽ കുടികൊള്ളുന്ന വിശ്വാസത്തിലൊഴിച്ചു മറ്റെന്തിലും സ്റ്റെയ്റ്റിനു കൈവെക്കാൻ അധികാരമുണ്ടെന്നും ഉണ്ടാവണമെന്നും ആത്യന്തിക സെക്യുലരിസ്റ്റുകൾ ശഠിക്കുന്നു. ഈ കൈവെക്കലിൽ യാതൊരുവിധ മത പരിഗണനയോ മത പ്രതിബദ്ധതയോ ഉണ്ടായിക്കൂടാതാനും. അപ്പോൾ, രാഷ്ട്രീയ–സാമ്പത്തിക ജീവിതത്തിൽ മാത്രമല്ല, വ്യക്തിജീവിതത്തിലും നിയമനിർമാണത്തിന് പരമാധികാരം സ്റ്റേറ്റിനാണ്. ദൈവത്തിനോ മതത്തിനോ അല്ല. സ്റ്റേറ്റ് അതിന്റെ അധികാരമുപയോഗിക്കുന്നത് കാലഘട്ടത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾക്കനുസൃതമായി മാത്രമാവും. തൽഫലമായി വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ വൈയക്തിക കാര്യങ്ങൾ തന്നെയായാലും മതനിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ടുകൂടാ. സാമൂഹിക നീതിയെയും പുരോഗതിയെയും കുറിച്ച 'ആധുനിക' സങ്കൽപങ്ങളായിരിക്കണം സിവിൽകോഡിന്റെ ആവിഷ്കാരത്തിന്നാധാരം. മാർക്സിസ്റ്റുകളും റാഷനലിസ്റ്റുകളും അവരുടെ സഹയാത്രികരും, സെക്യുലരിസത്തിന്റെ ഈയർഥകൽപന ഊന്നിപ്പറയുന്നവരാണ്. പക്ഷേ, ഇത്തരത്തിലുള്ള ഒരു സെക്യുലരിസം ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്നുണ്ടോ എന്ന ചോദ്യം തികച്ചും പ്രസക്തമായിത്തീരുന്നു. യഥാർഥത്തിൽ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റ് 44–ാം ഭരണഘടനാഭേദഗതിയിലൂടെ ഇന്ത്യയെ 'സെക്യുലർ സോഷ്യലിസ്റ്റ് റിപ്പബ്ലിക്' ആയി വിളംബരം ചെയ്യുന്നത് വരെ, സെക്യുലരിസം എന്ന പദം ഭരണഘടനയിലുണ്ടായിരുന്നില്ല. നമ്മുടെ ഭരണഘടനയുടെ സ്പിരിറ്റ് സെക്യുലരിസമാണ് എന്ന് മാത്രമാണ് പറയപ്പെട്ടിരുന്നത്. അതാവട്ടെ, സ്റ്റേറ്റിന്റെ മതനിരപേക്ഷതയെ അഥവാ അവർഗീയത മാത്രമേ ദ്യോതിപ്പിക്കുന്നുള്ളൂവെന്ന് ഡോ. എസ്. രാധാകൃഷ്ണൻ, ചക്രവർത്തി രാജഗോപാലാചാരി, ശ്രീ പ്രകാശ് പോലുള്ളവർ ആവർത്തിച്ചു വ്യക്തമാക്കുകയുണ്ടായി. 'സെക്യുലർ' എന്ന പദത്തെ ഭരണഘടനയിൽ എഴുതിച്ചേർക്കാൻ മുൻകൈയെടുത്ത ഇന്ദിരാഗാന്ധിയും സെക്യുലരിസത്തിന് മതനിരപേക്ഷത എന്ന അർഥമേ കൽപിക്കുന്നുള്ളൂ. അതായത്, സ്റ്റേറ്റിന് പ്രത്യേകമായൊരു മതവും ഉണ്ടായിരിക്കുന്നതല്ല; രാജ്യത്ത് എല്ലാ മതങ്ങൾക്കും തുല്യമായ സ്വാതന്ത്ര്യവും പരിരക്ഷയും ലഭിക്കും എന്ന്. ഇത് മതനിഷേധികൾക്കോ മാർക്സിസ്റ്റുകൾക്കോ സ്വീകാര്യമായ സങ്കൽപമല്ലെങ്കിലും, ജനങ്ങളിൽ മഹാഭൂരിപക്ഷവും ആസ്തികരും മത വിശ്വാസികളുമായ ഒരു രാജ്യത്ത് ഇതാണ് നീതിയുക്തവും ജനാധിപത്യത്തിന്റെ ചൈതന്യത്തിന്നിണങ്ങുന്നതുമായ വിവക്ഷയെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. കമ്യൂണിസ്റ്റ് സർവാധിപത്യ രാഷ്ട്രങ്ങളെപ്പോലെ മത നിരാസത്തിലധിഷ്ഠിതമായ ഒരു സാമൂഹികക്രമം ഇന്ത്യയിൽ സ്ഥാപിതമാവണമെങ്കിൽ, ഇവിടെ മാർക്സിസം അധികാരത്തിൽ വരണം. നിലവിലുള്ള ഭരണഘടനയെക്കുറിച്ച വ്യാഖ്യാനങ്ങളിലൂടെ, അടിച്ചേൽപിക്കപ്പെടാവുന്നതല്ല ജീവിതത്തിന്റെ സമ്പൂർണ ഭൗതികവൽക്കരണം.

സെക്യുലരിസത്തിന്റെ മിതവും നീതിയുക്തവുമായ സങ്കൽപപ്രകാരം മുസ്‌ലിം വ്യക്തിനിയമത്തിന്റെ നിലനിൽപ് അതിന് ഭീഷണിയായിത്തീരുന്നില്ല. ഒരു മുസ്‌ലിം, തന്റെ മതം അനുശാസിക്കുന്നവിധം വിവാഹം ചെയ്യുന്നതും വിവാഹമോചനം ചെയ്യുന്നതും മരണപ്പെട്ടയാളുടെ സ്വത്ത് ഓഹരിവെക്കുന്നതും രാഷ്ട്രത്തിന്റെ സെക്യുലർ സ്വഭാവത്തിന് വിരുദ്ധമായി ഭവിക്കുന്നതെങ്ങനെയാണ്? വിവാഹമോ വിവാഹമോചനമോ ഒരു പ്രത്യേക രീതിയിൽതന്നെ വേണമെന്ന് നിഷ്കർഷിക്കുന്ന പ്രത്യയശാസ്ത്രമല്ലല്ലോ സെക്യുലരിസം. ഇന്ത്യയിലെ ജനങ്ങൾ ശതക്കണക്കിൽ ഭാഷകൾ സംസാരിക്കുന്നു; ഭിന്നമായ ആഹാരക്രമങ്ങളും വേഷവിധാനങ്ങളും സ്വീകരിച്ചിരിക്കുന്നു; വൈവിധ്യപൂർണമായ ആചാരാനുഷ്ഠാനങ്ങൾ നിലനിർത്തിപ്പോരുന്നു. ഇവയൊക്കെ അടിച്ചുടച്ചു തുടച്ചുനീക്കി, പാർലമെന്റ് നിർദേശിക്കുന്ന ഏക ഭാഷയും ഐകരൂപ്യവും നടപ്പാക്കുകയാണ് സെക്യുലരിസത്തിന്റെ താൽപര്യമെന്ന് ആർക്കും അഭിപ്രായമില്ല. ഉണ്ടെങ്കിൽ തന്നെ പ്രായോഗികവുമല്ല. എങ്കിൽപിന്നെ, തികച്ചും വ്യക്തിജീവിതവുമായി ബന്ധപ്പെട്ട വിവാഹവും വിവാഹമോചനവുമൊക്കെ, വിവിധ സമുദായങ്ങൾ അവയുടെ സാംസ്കാരിക പാരമ്പര്യങ്ങൾക്കനുസൃതമായി നിലനിർത്തുന്നതിൽ അങ്കലാപ്പുണ്ടാവേണ്ട കാര്യമെന്തിരിക്കുന്നു? ഒന്നുണ്ട്: ഈ പാരമ്പര്യങ്ങൾ പാലിക്കാൻ നിയമം ആരെയും നിർബന്ധിക്കരുത്. വിവിധ സമുദായങ്ങളിലെ ഭൗതികവാദികൾക്ക് തങ്ങൾക്ക് നന്നായിതോന്നുന്ന ആചാരമോ ജീവിതശൈലിയോ സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണം. ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിൽ അതുണ്ട് താനും. എന്നല്ല, മത നിയമങ്ങളെ വിമർശിക്കാനും എതിർക്കാനുമുള്ള സ്വാതന്ത്ര്യം പോലും ഇവിടെ മതനിഷേധികൾക്ക് ലഭ്യമാണ്. അവരുടെ ഇംഗിതങ്ങൾ അടിച്ചേൽപ്പിക്കാൻ അനുവദിക്കപ്പെട്ടുകൂടെന്ന് മാത്രമാണ് പറഞ്ഞതിന്റെ ചുരുക്കം.

## ശരീഅത്തും സാമൂഹിക നീതിയും

ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടുന്നു. ജനാധിപത്യാവകാശങ്ങളെക്കുറിച്ച വിശാലമായ സങ്കൽപങ്ങളുടെ മറപിടിച്ചു, മതനിയമങ്ങളെ ന്യായീകരിക്കാമെങ്കിൽ സാമൂഹികനീതിയുടെ താൽപര്യങ്ങൾ അവഗണിക്കപ്പെടുകയില്ലേ? നമ്മുടേത് സെക്യുലർ ഡെമോക്രാറ്റിക് റിപ്പബ്ലിക് മാത്രമല്ല, സോഷ്യലിസ്റ്റ് റിപ്പബ്ലിക് കൂടിയാണ്. സാമൂഹിക നീതിയാണ് സോഷ്യലിസത്തിന്റെ അന്തസ്സത്ത. സമൂഹത്തിലെ ഒരു വിഭാഗം പൗരന്മാർക്ക്, മുസ്‌ലിം സ്ത്രീകൾക്ക്, മാത്രം നീതി നിഷേധിക്കപ്പെടാൻ പാടില്ല. പുരുഷന് ബഹുഭാര്യത്വവും ഉദാരമായ വിവാഹമോചനാവകാശവും ഇരട്ടി സ്വത്തവകാശവും അനുവദിക്കുക വഴി ശരീഅത്ത് സ്ത്രീയോട് അനീതിയാണനുവർത്തിക്കുന്നത്. അതുകൊണ്ടുകൂടിയാണ് അത് റദ്ദാക്കി ഏക സിവിൽകോഡ് നടപ്പാക്കണമെന്നാവശ്യപ്പെടുന്നത് എന്ന് വാദിക്കപ്പെടുന്നു.

ഇതിനുള്ള മറുപടി, നീതിയുടെയും സദാചാരത്തിന്റെയും മൗലിക സങ്കൽപങ്ങളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടു കിടക്കുന്നു. ഇസ്‌ലാമിന്റേതിൽനിന്ന് തികച്ചും ഭിന്നമായ നൈതി

ക–ധാർമിക സങ്കൽപങ്ങളോടെ, ഇസ്‌ലാമിന്റെ കുടുംബനിയമങ്ങളെ നോക്കിക്കാണാനുള്ള ശ്രമം യുക്തിസഹമോ നീതിയുക്തമോ അല്ല. മനുഷ്യസമുദായം, എന്തെന്ത് പരിവർത്തനങ്ങൾക്ക് വിധേയമായാലും ശാസ്ത്രമോ നാഗരികതയോ എത്ര തന്നെ പുരോഗമിച്ചാലും, സുസ്ഥിരവും ശാശ്വതവുമായ ഒരു ധാർമിക–സദാചാര ക്രമം നിലനിൽക്കണം; കഴിഞ്ഞ കാലങ്ങളിൽ അത് നിലനിന്നിട്ടുണ്ട് എന്നാണ് ഇസ്‌ലാമിന്റെ അസന്ദിഗ്ധമായ നിലപാട്. ഈ ധാർമിക–സദാചാര സംഹിത ദൈവികമായതും അതുകൊണ്ടുതന്നെ. ജീവിതത്തിന്റെ ബാഹ്യരീതിയിലും ശൈലിയിലും കാലാകാലങ്ങളിൽവരുന്ന പരിവർത്തനം, മനുഷ്യന്റെ മൗലിക വികാര വിചാരങ്ങളെക്കൂടി പരിവർത്തിപ്പിക്കുന്നു എന്ന കാഴ്ചപ്പാട് യാഥാർഥ്യനിഷ്ഠമല്ല. ഭദ്രവും സമാധാന പൂർണവുമായ കുടുംബ ജീവിതം, ഭൂമിയിൽ മനുഷ്യവാസം ആരംഭിച്ചതുമുതൽ അവന് പ്രധാനമായിരുന്നു. വ്യാവസായിക വിപ്ലവമോ ഗോളയാത്രയോ ഈയാവശ്യത്തെ ഇല്ലാതാക്കിത്തീർത്തിട്ടില്ല. കുടുംബജീവിതം സന്തുഷ്ടമാവാൻ, ഭർത്താവ് അധ്വാനിക്കുകയും ഭാര്യ ഗൃഹഭരണം നടത്തുകയും വേണം. ചെലവുകൾ താങ്ങേണ്ടത് പുരുഷനാണ്, സ്ത്രീയല്ല. അതുകൊണ്ട് പുരുഷന് സ്ത്രീയുടെ ഇരട്ടി സ്വത്തവകാശം അനുവദിച്ചത് നീതി മാത്രമാണ്. ഒരു പുരുഷന് ഒരു സ്ത്രീ എന്നത് തന്നെയാണ് അഭികാമ്യവും നീതിയുടെ താൽപര്യങ്ങൾക്കനുഗുണവും. പക്ഷേ, സ്ത്രീ നിത്യരോഗിയോ വന്ധ്യയോ അവശയോ ആണെങ്കിൽ പുരുഷന് രണ്ടാമത് വിവാഹം ചെയ്യുന്നതാണ്, ആദ്യഭാര്യയെ ഉപേക്ഷിക്കുന്നതിനേക്കാൾ അഭിലഷണീയം. കാരണം, വിവാഹമോചനം പരമാവധി ഒഴിവാക്കപ്പെടേണ്ട തിന്മയാണ്. ഗത്യന്തരമില്ലാതെ, ഭാര്യാ–ഭർത്താക്കന്മാർ കൂട്ടുപിരിഞ്ഞാൽപോലും രണ്ട് തവണ കൂടി പുനഃസംയോജനത്തിനുള്ള മാർഗം തുറന്നു കിടക്കുന്നു. ദാമ്പത്യ ജീവിതം മൂന്നാം തവണയും പരാജപ്പെടുമ്പോഴേ വിവാഹമോചനം അന്തിമമാവുന്നുള്ളൂ. ഇനി, പുരുഷനാണ് മാറാരോഗിയോ വന്ധ്യനോ ലൈംഗികമായി ദുർബലനോ ആയിത്തീരുന്നതെങ്കിലോ? സ്ത്രീക്ക് നഷ്ടപരിഹാരം നൽകി വിവാഹമോചനം തേടാം. പ്രത്യേക സാഹചര്യങ്ങളിൽ വിവാഹം ഏകപക്ഷീയമായി ദുർബലപ്പെടുത്താം.

ഏത് പരിതഃസ്ഥിതിയിലും, ഉത്തരവാദിത്വപൂർണമായ കുടുംബ ജീവിതത്തെയല്ലാതെ, നിരുത്തരവാദപരമായ, വിവാഹാതീത ലൈംഗിക ബന്ധങ്ങളെ ഒരു വിധത്തിലും ഇസ്‌ലാം പൊറുപ്പിക്കുന്നില്ല. അവിവാഹിതരുടെ അവിഹിത ബന്ധങ്ങൾ കുറ്റകരമാകുന്നു; വിവാഹിതരുടെ ജാര സമ്പർക്കങ്ങൾ കൂടുതൽ കുറ്റകരവും. പുരുഷൻ സ്ത്രീയോടും സ്ത്രീ പുരുഷനോടും ബന്ധപ്പെടുന്നത് എപ്പോൾ, എവിടെ, എങ്ങനെയായാലും നിയമാനുസൃതമായിരിക്കണം. അഥവാ വിവാഹത്തിലൂടെ വേണം. അല്ലാതിരുന്നാൽ സ്നേഹം അപ്രത്യക്ഷമാവും; കുട്ടികൾ അനാഥരാവും; കുടുംബജീവിതം ശിഥിലമാവും. ഇസ്‌ലാമിന്റെ അചഞ്ചലമായ ഈ സദാചാര വീക്ഷണമാണ് ശരീഅത്തിലെ കുടുംബനിയമങ്ങളിൽ പ്രതിഫലിക്കുന്നത്. വിവാഹം തന്നെ പഴഞ്ചനാണെന്നും, ഉഭയകക്ഷി സമ്മതത്തോടെ നടക്കുന്ന ഏത് ലൈംഗിക ബന്ധവും വിഹിതമാണെന്നും ഉത്തരവാദിത്വങ്ങളിൽ പുരുഷനും സ്ത്രീയും തമ്മിൽ അന്തരമില്ലെന്നും വിശ്വസിക്കുന്നവർക്ക് ഇസ്‌ലാമിന്റെ സദാചാര സങ്കൽപത്തോട് പൊരുത്തപ്പെടാനാവില്ലെന്നത് നേരാണ്. പക്ഷേ, തങ്ങളുടേതും പല വീക്ഷണഗതികളിലൊന്ന് മാത്രമാണെന്ന് സമ്മതിക്കാൻ അവർ സന്നദ്ധരാവണം. അവരുടെ കാഴ്ചപ്പാട് ഉൾക്കൊണ്ടവർ മുസ്‌ലിംകളിലുള്ളപോലെ, ഇസ്‌ലാമിന്റെ സദാചാര വീക്ഷണത്തെ വിലമതിക്കുന്നവർ അമുസ്‌ലിംകളിലും എമ്പാടുമുണ്ട്. അപ്പോൾ ആശയ സമരമാണ്, ഏകപക്ഷീയമായ നിയമനടപടികളല്ല, സ്വീകാര്യമായ മാർഗമെന്ന് വരുന്നു. നീതിയെയും സദാചാരത്തെയും കുറിച്ച ഇസ്‌ലാമിന്റെ വീക്ഷണവും വിരുദ്ധ വീക്ഷണവും തമ്മിലുള്ള സംഘട്ടനത്തെ ഒരു യാഥാർഥ്യമായി അംഗീകരിക്കുക എന്നതേ തൽക്കാലം നമുക്ക് ചെയ്യാനുള്ളൂ.

## നിയമത്തിന്റെ ദുർവിനിയോഗം

സാമൂഹിക നീതിയെയും സദാചാരത്തെയും കുറിച്ച ഇസ്‌ലാമിന്റെ ഉന്നത സങ്കൽപങ്ങൾ എന്തുതന്നെയായാലും, രാജ്യത്ത് ശരീഅത്തിന്റെ പേരിൽ നിലവിലുള്ളത് ജീർണതയും സ്ത്രീകളുടെ അവകാശനിഷേധവുമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. യഥേഷ്ടം പെണ്ണ്കെട്ടുക; തോന്നിയപോലെ മൊഴിചൊല്ലുക – ഇതാണ് പ്രയോഗത്തിലുള്ള 'ശരീഅത്ത്.' മുംബൈയിലെയും ഹൈദരാബാദിലെയും കോഴിക്കോട്ടെയും അറബിക്കല്യാണങ്ങളും, ജീവിതച്ചിലവുകൾ അനുവദിച്ചു കിട്ടാൻ കൈക്കുഞ്ഞുങ്ങളുമായി കോടതിവരാന്തകളിൽ അലയുന്ന മാപ്പിളപ്പെണ്ണുങ്ങളും ശരീഅത്തു നിയമങ്ങളുടെ മുമ്പിൽ ചോദ്യചിഹ്നങ്ങളായി നിൽക്കുന്നുവെന്നാണ് വാദിക്കപ്പെടുന്നത്. അവരോട് ശരീഅത്തിന്റെ ആധ്യാത്മിക–ധാർമിക മാനങ്ങൾ പ്രസംഗിക്കുന്നവർ, കുടിയൊഴിപ്പിക്കൽ ഭീഷണിയെ നേരിട്ട കൊച്ചുരാമനോട് ഭരണഘടന കുടിയൊഴിപ്പിക്കലിനെതിരാണെന്ന് പറഞ്ഞ വർക്കിവക്കീലിന്റെ അനുയായികളാണെന്ന് അപഹസിക്കപ്പെടുന്നു.

ശരിയാണ്. അറബിക്കല്യാണങ്ങൾ തീരാശാപമായി തുടരുന്നു. അകാരണമായി മൊഴിചൊല്ലപ്പെട്ട് വഴിയാധാരമാവുന്ന സ്ത്രീകൾ മുസ്‌ലിം സമുദായത്തിൽ ഒരുപാടുണ്ട്. ഒരു സർവെ ആരും നടത്തിയിട്ടില്ലാത്തതുകൊണ്ട് അവരുടെ എണ്ണം അറിഞ്ഞുകൂടെന്ന് മാത്രം. ഇതര സമുദായങ്ങളെ അപേക്ഷിച്ച്, വിവാഹമോചിതകൾ മുസ്‌ലിം സ്ത്രീകളിൽ കൂടുതലാണോ എന്നും പറയാനാവില്ല. അതുപോലെ ഒന്നിലധികം ഭാര്യമാരുള്ള കുറെ പുരുഷന്മാരും മുസ്‌ലിം സമുദായത്തിലുണ്ട്. ശതമാനം കണക്കായിട്ട് വേണമെന്നേയുള്ളൂ. പക്ഷേ, ഈ സ്ഥിതിവിശേഷത്തിനുള്ള കാരണങ്ങൾ എന്റെ ദൃഷ്ടിയിൽ മുഖ്യമായും മൂന്നാണ്.

ഒന്ന്, മുസ്‌ലിം സ്ത്രീകളുടെ വിദ്യാവിഹീനത. ഇന്ത്യയിൽ സാക്ഷരതയിൽ ഏറ്റവും പിന്നണിയിൽ നിൽക്കുന്ന സമുദായങ്ങളിൽ പെടുന്നു മുസ്‌ലിംകൾ. മുസ്‌ലിം സ്ത്രീകളുടെ നില പുരുഷന്മാരുടേതിനേക്കാൾ പരിതാപകരമാണ്. എഴുത്തും വായനയും പഠിക്കാൻ ശരീഅത്ത് എതിരല്ല. വിദ്യയെ ഏറ്റവും പ്രോത്സാഹിപ്പിച്ച മതമാണ് ഇസ്‌ലാം. ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ ഇന്ത്യയിൽ മുസ്‌ലിംകൾ പിന്നാക്കമായി. ഇതിന് ശരീഅത്ത് ഉത്തരവാദിയല്ല. ലോകത്തൊരു രാജ്യമോ സ്ഥിരമായ മേൽവിലാസമോ ഇല്ലാത്ത ഫലസ്ത്വീനികളാണ് യു.എൻ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, ലോകത്തേറ്റവും സാക്ഷരതയുള്ളവർ. അവരിൽ ഭൂരിഭാഗവും മുസ്‌ലിംകളാണ്. മുസ്‌ലിം സ്ത്രീകൾ വിദ്യാഭ്യാസം നേടുകയും ഉദ്ബുദ്ധരാവുകയും ചെയ്യുംതോറും അവഗണനയെയും ചൂഷണത്തെയും പ്രതിരോധിക്കാനുള്ള അവരുടെ ശേഷി വർധിക്കും. രക്ഷിതാക്കൾ വിചാരിച്ചാൽ പോലും പെൺകുട്ടികളെ വിൽക്കാനാവില്ല. വേണ്ടത്, മുസ്‌ലിം സ്ത്രീകളെ സംസ്കാര സമ്പന്നരാക്കാൻ സർക്കാരും സാമുദായിക–സാംസ്കാരിക സംഘടനകളും വ്യാപകവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുകയാണ്.

രണ്ട്, സ്ത്രീധനമെന്ന തീരാശാപം. സ്ത്രീധനം നിയമദൃഷ്ട്യാ കുറ്റകരമാണ്. ശരീഅത്തിൽ സ്ത്രീധനമില്ല. ശരീഅത്തിന്റെ പേരിൽ സ്ത്രീധന നിരോധത്തെ ആരും എതിർത്തിട്ടുമില്ല. പക്ഷേ, ഇതര സമുദായങ്ങളിലെന്നപോലെ മുസ്‌ലിംകളിലും സ്ത്രീധനം എന്ന അത്യാചാരം വേരുറച്ചുപോയിരിക്കുന്നു. പാവപ്പെട്ട രക്ഷിതാക്കൾ ഗത്യന്തരമില്ലാതെ,

സ്ത്രീധനം ചോദിക്കാത്ത അറബികൾക്കും രണ്ടാം കെട്ടുകാർക്കും മക്കളെ വിവാഹം ചെയ്തുകൊടുക്കുകയാണ്. ഇത് ശരീഅത്തിന്റെ കുറ്റമല്ല. ശരീഅത്ത് രണ്ടാം വിവാഹത്തിന് പഴുതനുവദിച്ചതുകൊണ്ട്, ഇങ്ങനെയെങ്കിലും ഒരു പരിഹാരമുണ്ടായി. ബഹുഭാര്യത്വം പാടില്ലാത്ത സമുദായങ്ങളിൽ കൂടുതൽ പരിതാപകരമാണ് പാവപ്പെട്ട യുവതികളുടെ സ്ഥിതി. അപ്പോൾ വേണ്ടത്, സ്ത്രീധന നിർമാർജനമാണ്. ഇതിന്നായി നിയമം എത്ര കർശനമാക്കിയാലും കൊള്ളാം. സാമൂഹിക സംഘടനകൾ എത്ര ശക്തമായ സമരം സംഘടിപ്പിച്ചാലും സ്വാഗതാർഹമാണ്.

മൂന്ന്, മുസ്‌ലിം പേഴ്സണൽ ലോയിലെ അപാകതകൾ. അവസാനമായി പരാമർശിക്കാൻ ആഗ്രഹിക്കുന്ന പ്രശ്നവും അതുതന്നെ.

### നിയമപരിഷ്കാരം

ഇന്ത്യയിൽ നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമത്തെ, കർമശാസ്ത്ര വീക്ഷണഗതികളുടെ (മദ്ഹബുകൾ) അടിസ്ഥാനത്തിൽ ന്യായീകരിക്കാൻ കഴിഞ്ഞേക്കും. എന്നാൽ, ശരീഅത്തിന്റെ അന്തസ്സത്തയോട് അത് പൂർണമായും നീതിപുലർത്തുന്നുവെന്ന് പറഞ്ഞുകൂടാ. ഉദാഹരണം, ബഹുഭാര്യത്വം തന്നെ. ശരീഅത്ത് പ്രോത്സാഹിപ്പിച്ച ഒരു നടപടിയല്ല ബഹുഭാര്യത്വം. അനുപേക്ഷ്യ സാഹചര്യങ്ങളിൽ നീതി ഉറപ്പ് വരുത്തിക്കൊണ്ട് അനുവദിച്ച ഒരിളവ് മാത്രമാണത്. വ്യക്തിനിയമത്തിലും ഈ സ്പിരിറ്റ് പാലിക്കപ്പെടുകതന്നെ വേണം. ദുർവിനിയോഗം തടയാൻ നിയമം ശക്തവുമായിരിക്കണം. പല മുസ്‌ലിംരാജ്യങ്ങളിലും ബഹുഭാര്യത്വത്തിനുള്ള അനുവാദം നിയന്ത്രിതവും സോപാധികവുമാണ്. ഒരു നിയമപരിഷ്കാര കമീഷൻ പരിശോധിക്കേണ്ടതാണ്, തദടിസ്ഥാനത്തിൽ മുസ്‌ലിം പേഴ്സണൽ ലോയിൽ ഭേദഗതിക്കുള്ള സാധ്യതകൾ. താൽക്കാലിക വിവാഹങ്ങൾ (മുത്അ) നിശ്ശേഷം നിരോധിക്കപ്പെടുകയും വേണം.

മറ്റൊന്ന് വിവാഹമോചനമാണ്. ശരീഅത്ത് തീർത്തും നിരുത്സാഹപ്പെടുത്തിയ ഒരാത്യന്തിക നടപടിയാണ് ത്വലാഖ്. അതുതന്നെ, പുനഃസംയോജനത്തിനുള്ള പല നടപടികളും നിർദേശിച്ച ശേഷം അവ പരാജയപ്പെട്ടാൽ മാത്രം സ്വീകരിക്കപ്പെടാവുന്നതുമാണ്. കൂടാതെ, മൂന്നു മൊഴി ഒന്നായി ചൊല്ലുന്ന ആഭാസം ഇസ്‌ലാം പരിചയപ്പെടുത്തിയിട്ടുള്ളതല്ല. പക്ഷേ, നിലവിലുള്ള മുസ്‌ലിം പേഴ്സണൽ ലാ ഇക്കാര്യത്തിലും നിഷ്ക്രിയമാണ്. ശരീഅത്തിന്റെ ഉത്തമ താൽപര്യങ്ങൾക്കനുസൃതമായി വിവാഹമോചന നിയമവും ഭേദഗതി ചെയ്തേ പറ്റൂ. വിവാഹമോചനം തേടാൻ സ്ത്രീകൾക്കുള്ള അവകാശം നിലവിലുള്ള നിയമത്തിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. അത് പുനഃപരിശോധിച്ചു വിപുലീകരിക്കേണ്ടതും ആവശ്യമാണ്.

പൗത്രന്റെ അനന്തരാവകാശമാണ് ഇനിയത്തെ പ്രശ്നം. വിസ്വയ്യത്ത് നിർബന്ധമാക്കുക വഴി പരിഹരിക്കാവുന്നതേയുള്ളൂ ഈ പ്രശ്നം. ഇതിന്റെ പേരിൽ ശരീഅത്തിനെ കടന്നാക്രമിക്കാൻ ഒരു ന്യായീകരണവും ഇല്ല.

രാജ്യത്ത് കുടുംബ കോടതികൾ ഏർപ്പെടുത്താനുള്ള ഒരു ബിൽ ലോക്സഭ ഈയിടെ പാസ്സാക്കിയിരിക്കുന്നു. സ്വാഗതാർഹമായ കാൽവെപ്പാണിത്. ഇത്തരം കോടതികളിൽ ന്യായാധിപന്മാരെ നിയമിക്കുമ്പോൾ സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകപ്പെടുക കൂടി ചെയ്താൽ ഒട്ടേറെ അനീതികൾക്ക് പരിഹാരമുണ്ടാവും.

ചുരുക്കത്തിൽ, മുസ്‌ലിം വ്യക്തിനിയമത്തിൽ ശരീഅത്തിൽ ഊന്നിനിൽക്കുന്ന പരിഷ്കാരം അടിയന്തിരാവശ്യമാണ്. ശരീഅത്ത് വിരോധം, പക്ഷേ, നീതീകരണമർഹിക്കുന്നില്ല. ■